പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

21.12.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3413

## തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഒഴിഞ്ഞുകിടക്കുന്ന കൃഷിഭൂമി മാലിന്യ നിക്ഷേപകേന്ദ്രങ്ങളായി മാറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കാനും തരിശ് കൃഷിഭൂമി ഉപയോഗപ്രദമാക്കുവാനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതൊഴിവാക്കാനായി കൃഷി വകുപ്പ് ആർ.കെ. വി.വൈ. പദ്ധതി പ്രകാരം കരാറടിസ്ഥാനത്തിൽ തരിശു ഭൂമിയിൽ നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങ് വർഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ഭൂവുടമക്ക് ഹെക്ടറിന് 5000/- രൂപയും കർഷകന് വിളയനുസരിച്ച് ഹെക്ടറിന് 20,000/- മുതൽ 30,000/- രൂപ വരെ ധനസഹായമായി നൽകുന്നു. നടപ്പുസാമ്പത്തിക വർഷം 3000/- ഹെക്ടർ സ്ഥലത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 940 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) തരിശായി കിടക്കുന്ന കൃഷി ഭൂമി കൃഷി ചെയ്യാൻ താൽപര്യമുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് നിശ്ചിത കാലയളവിലേക്ക് സൗജന്യമായി നൽകുവാൻ ഒരു പദ്ധതി തയ്യാറാക്കുമോ? | (ബി) നിലവിൽ കൃഷി വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ